പ്രസിദ്ധീകരണത്തിന്

**യു.ജി.സി. കരടുനിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രിൻസിപ്പൽനിയമനം അപ്രായോഗികവും നിലവിലെ യൂണിവേഴ്സിറ്റി നിയമങ്ങൾക്ക് വിരുദ്ധവുമാണ്**

ഇപ്പോൾ നിലവിലുള്ള യു.ജി.സി.നിബന്ധനകളിലും കരടുനിബന്ധനകളിലും നിഷ്കർഷിച്ചിട്ടുള്ളതുപോലെ പ്രിൻസിപ്പൽനിയമനം നടത്തുക എന്നത് അശാസ്ത്രീയവും അപ്രായോഗികവും നിലവിൽ കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ മാതൃനിയമത്തിന് കടകവിരുദ്ധവുമാണ്. ഇക്കാര്യങ്ങൾ കാണിച്ച് യു.ജി.സി.നിബന്ധനകളിലുള്ള എതിരഭിപ്രായം നായർ സർവീസ് സൊസൈറ്റി നല്കുകയുണ്ടായി.

നിലവിൽ കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റി മാതൃനിയമങ്ങളിലും എയിഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽതസ്തിക പ്രമോഷൻവഴി, സീനിയോറിറ്റിയും യോഗ്യതയും മാനദണ്ഡമാക്കി നിലവിലെ അദ്ധ്യാപകരിൽനിന്നും നികത്തണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. 2018-ലെ യു.ജി.സി. നിബന്ധനകളിലും കരടുനിബന്ധനകളിലും പറഞ്ഞിട്ടുള്ളതുപോലെ പ്രിൻസിപ്പൽതസ്തിക നേരിട്ടുള്ള നിയമനംവഴി, ഇന്ത്യ ഒട്ടാകെ വിളംബരം ചെയ്ത് നികത്തുക എന്നത് നിലവിലെ കുറ്റമറ്റ നിയമനരീതിയെ സംബന്ധിച്ചിടത്തോളം അശാസ്ത്രീയവും അപ്രായോഗികവുമാണ്.

കേരളാഹൈക്കോടതി ഇക്കാര്യം സംബന്ധിച്ച് വ്യത്യസ്തമായ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. നിലവിലെ യൂണിവേഴ്സിറ്റിനിയമവും യു.ജി.സി.നിയമവും തമ്മിൽ ഭിന്നത ഇല്ലെന്നും അതുകൊണ്ടുതന്നെ യൂണിവേഴ്സിറ്റിനിയമപ്രകാരം, യു.ജി.സി. നിയമപ്രകാരമുള്ള തിരഞ്ഞെടുപ്പുസമിതിയും യോഗ്യതയും അനുസരിച്ച്, പരസ്പര പൂരകമായി പ്രിൻസിപ്പൽതസ്തിക നികത്താവുന്നതാണ് എന്നു കോടതി പറഞ്ഞിട്ടുണ്ട്. എന്നാൽ, രണ്ടു നിയമവും തമ്മിൽ ഭിന്നത ഉണ്ടെന്നും അതിനാൽ യു.ജി.സി.നിയമത്തിന് പ്രാമുഖ്യം ഉണ്ടെന്ന മറ്റൊരു നിയമനിലപാടും കോടതി സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിലെ എയിഡഡ് കോളേജുകളുടെ സ്ഥിതിവിശേഷം ഉൾക്കൊള്ളാതെയാണ് യു.ജി.സി.നിബന്ധനകൾ പുറപ്പെടുവിച്ചിരിക്കുന്നത്. കേരളത്തിലെ സ്വകാര്യ മാനേജ്മെന്റുകളും സർക്കാരും തമ്മിലുള്ള ഉടമ്പടി അനുസരിച്ച് ശമ്പളം നല്കുന്ന കാര്യങ്ങളൊന്നുതന്നെ കണക്കിലെടുക്കാതെയാണ് യു.ജി.സി. നിയമങ്ങൾ പടച്ചുവിട്ടിരിക്കുന്നത്.

കേരളത്തിലെ എയിഡഡ് കോളേജുകളിലെ പ്രിൻസിപ്പൽനിയമനം യൂണിവേഴ്സിറ്റിനിയമപ്രകാരം യു.ജി.സി.നിബന്ധനകൾപ്രകാരമുള്ള തിരഞ്ഞെടുപ്പുകമ്മറ്റിയും യോഗ്യതയും അനുസരിച്ച് നിലവിലുള്ള രീതി തുടരാനുള്ള അനുവാദം പ്രത്യേകമായി യു.ജി.സി.നിബന്ധനകളിൽ ഉൾക്കൊള്ളിക്കണമെന്നാണ് എൻ.എസ്.എസ്. ആവശ്യപ്പെട്ടിരിക്കുന്നത്.

അതുപോലെതന്നെ അഞ്ചുവർഷത്തിലൊരിക്കൽ പ്രിൻസിപ്പൽമാരെ നിയമിക്കുന്ന രീതി കരടുനിബന്ധനകളിൽ പറയുന്നത്, കേരളത്തിലെ സ്വകാര്യകോളേജുകളെ സംബന്ധിച്ചിടത്തോളം നടക്കാത്ത കാര്യമാണ്. അത് മറ്റൊന്നുംകൊണ്ടല്ല, സർക്കാർനോമിനികളെ കിട്ടാൻ കോടതികളെ സമീപിക്കേണ്ട ഗതികേടാണ് മാനേജ്മെന്റുകൾക്ക് ഉള്ളത്. അതിനാൽ ആ നിബന്ധനയും മാറ്റണമെന്നാണ് എൻ.എസ്.എസ്. ആവശ്യപ്പെടുന്നത്.

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി

പെരുന്ന
12.01.2025